# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3195** **14.07.2015 ൽ മറുപടിയ്ക്ക്**

### അനെർട്ട് വഴിയുള്ള സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അനർട്ട് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) നിലവിൽ അനെർട്ട് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരമ്പര്യേതര മാർഗ്ഗങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് എത്ര പേർക്ക് അനർട്ടിൽ നിന്നും സേവനം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരമ്പര്യേതര ഊർജ്ജ മേഖലയിൽ അനെർട്ട് നടപ്പിലാക്കി വരുന്ന 10,000 റൂഫ് ടോപ്പ് സോളാർ പദ്ധതി വഴി സംസ്ഥാനത്തിലുടനീളം 7100 ഓളം 1 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകയും അതിൽ അനെർട്ടിന്റെ സാങ്കേതിക പരിശോധനയ്ക്കുശേഷം 5615 സൗരപ്ലാന്റുകൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെയായി 14700 ഓളം അപേക്ഷകൾ ലഭിച്ചിട്ടുള്ള ഈ പദ്ധതി തുടർന്നും പുരോഗമിച്ചുവരുകയാണ്.<br>12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് അനെർട്ട് നടപ്പിലാക്കി വരുന്ന ശൃംഖലാ ബന്ധിത വൈദ്യുതോത്പാദന പദ്ധതിയായ സോളാർ കണക്ട് വഴി 2 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സൗരപ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെയായി 711 ഓളം അപേക്ഷകൾ (11 മെഗാവാട്ട്) ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർനടപടികൾ പുരോഗമിക്കുകയാണ്.<br>അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് സൗരോർജ്ജ റാന്തലുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഇതുവരെ 61321 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1191 സൗരോർജ്ജ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. |

(സി) സൗരോർജ്ജ വിളക്കുകൾ, സൗരറാന്തൽ, സൗരോർജ്ജ തെരുവ് വിളക്കുകൾ, സൗരോർജ്ജ പ്ലാന്റുകൾ അടക്കമുള്ള എത്ര ഉപകരണങ്ങൾ ഈ കാലയളവിൽ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഓരോ ഉപകരണത്തിനും വാങ്ങുന്ന വിലയും സബ് സിഡിയും എത്രയെന്ന് അറിയിക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കുകളുടെയും, സൗരോർജ്ജ റാന്തലുകളുടെയും, റൂഫ് ടോപ്പ് സോളാർ പ്ലാന്റുകളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2,3,4 ആയി ചേർക്കുന്നു.

(ഡി) ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന 2013-14 സ്കീം പ്രകാരമുള്ള സൗരോർജ്ജ റാന്തലുകളുടെ വില വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| സംസ്ഥാന സർക്കാരിന്റെ സബ്സിഡി | - 750/- |
| ഗുണഭോക്തൃ വിഹിതം | - 1520/- |
| ആകെ വില | - 2270/- |

2014-15 ലെ ഭരണാനുമതി പ്രകാരം പുതുതായി വിളിച്ച ടെണ്ടർ അനുസരിച്ചുള്ള വിശദാംശം താഴെ പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1 | **സോളാർ സി.എഫ്.എൽ. ലാന്റേണിന്റെ വില** | - | **2190/-** |
| | **<u>സബ്സിഡി</u>** | | |
| | ജനറൽ വിഭാഗം | - | 500/- |
| | എസ്.സി/എസ്.റ്റി/ബി.പി.എൽ/ ഫിഷർമെൻ | - | 1000/- |
| 2 | **സോളാർ എൽ.ഇ.ഡി. ലാന്റേണിന്റെ വില** | | **2230/-** |
| | **<u>സബ്സിഡി</u>** | | |
| | ജനറൽ വിഭാഗം | | 500/- |
| | എസ്.സി/എസ്.റ്റി/ബി.പി.എൽ/ ഫിഷർമെൻ | | 1000/- |
| 3 | **സൗരോർജ്ജ പവർ പ്ലാന്റുകൾ** | | |
| | **<u>സബ്സിഡി</u>** | | |
| | കേന്ദ്ര ഗവൺമെന്റ് | - | 53262/- |
| | സംസ്ഥാന ഗവൺമെന്റ് | - | 39000/- |

സൗരോർജ്ജ പവർ പ്ലാന്റുകളുടെ വിലയെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും കുറഞ്ഞത് 200 ലിറ്റർ പ്രതിദിന ശേഷിയുള്ളതുമായ ഫ്ലാറ്റ് പ്ലേറ്റ് കളക്ടർ (FPC) സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിന് ഓരോ 100 ലിറ്റർ പ്രതിദിനശേഷിക്കും (LPD) 4000 രൂപ പ്രകാരം 2400 എണ്ണത്തിന് സബ്സിഡി നൽകുന്നു. കുറഞ്ഞത് 200 ലിറ്റർ പ്രതിദിനശേഷിയുള്ളതുമായ ഇവാക്യുവേറ്റഡ് ട്യൂബ് കളക്ടർ(ETC) സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിന് ഓരോ 100 ലിറ്റർ പ്രതിദിനശേഷിക്കും (LPD) 3000 രൂപ പ്രകാരം 7200 എണ്ണത്തിന് സബ്സിഡി നൽകുന്നു. മെച്ചപ്പെട്ട ഗാർഹിക വിറകടുപ്പുകൾക്കായുള്ള പദ്ധതി പ്രകാരം SC/ST/Total Housing Scheme പദ്ധതിയിൽ സ്ഥാപിക്കുന്ന അടുപ്പുകൾക്ക് 2500/- രൂപ സബ്സിഡിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന കമ്മ്യൂണിറ്റി അടുപ്പുകൾക്ക് പരമാവധി 6000 രൂപ സബ്സിഡിയും നൽകിവരുന്നു. മെച്ചപ്പെട്ട പോർട്ടബിൾ ബയോമാസ് വുഡ് സ്റ്റൗ പരീക്ഷണാടിസ്ഥാനത്തിൽ സബ്സിഡി നൽകി പ്രചരിപ്പിക്കാൻ പദ്ധതിയുണ്ട്. ഗാർഹിക- ഗാർഹികേതര ആവശ്യത്തിനായി 0.75 $m^3$ ,1$m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് പ്ലാന്റിന് 8000 രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്നു. അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ മുഖേന BPL/SC/ST/Fishermen വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 1000/-രൂപ നിരക്കിലും മറ്റുള്ളവർക്ക് 500/- രൂപ സബ്സിഡി നിരക്കിലും സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നു. 10000 റൂഫ് ടോപ്പ് പദ്ധതി പ്രകാരം 10000 വീടുകളിൽ ഒരു കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര- സംസ്ഥാന സർക്കാർ സബ്സിഡി ലഭ്യമാക്കുന്നു.

2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരോർജ്ജ പവർപ്ലാന്റുകൾ കേന്ദ്ര – സംസ്ഥാന സർക്കാർ സബ്സിഡി നൽകി സ്ഥാപിച്ചു വരുന്നു. വയനാട് ജില്ലയിലെ 15 വിദൂര കോളനിക ളിലും, മലപ്പുറം ജില്ലയിലെ 12 വിദൂര കോളനികളിലും സൗരോർജ്ജമുപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുത വേലികൾ സ്ഥാപിച്ചു നൽകി. വൈദ്യുതി ലഭ്യമല്ലാത്ത വിദൂര കോളനികളിൽ ഗാർഹിക വൈദ്യുതീകരണത്തിനായി ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകാനും പദ്ധതിയുണ്ട്. കയർ മേഖലയിലെ ഗ്രാമീണ വനിതകൾക്ക് സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കാവുന്ന സോളാർ കയർ റാട്ടുകൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുന്നതിനും സോളാർ സ്റ്റീം ജനറേറ്റർ ഉപയോഗിച്ച് കമ്മ്യൂണിറ്റി പാചകം നടപ്പാക്കുന്നതിനും പദ്ധതിയുണ്ട്. 140 hp വരെ ആകെ ശേഷിയുള്ള സോളാർ വാട്ടർ പമ്പിംഗ് സിസ്റ്റംസ് സ്ഥാപിക്കുന്നതിന് സർക്കാർ സബ്സിഡി നൽകി വരുന്നു.

നിലവിലുള്ള ഇൻവെർട്ടറുകൾ സൗരോർജ്ജം ഉപയോഗിച്ച് ചാർജ്ജു ചെയ്യുന്നതിന് സോളാർ പീക്ക് ലോഡ് ഷിഫ്റ്റർ സംവിധാനം കെ.എസ്.ഇ.ബി-യും അനെർട്ടും ചേർന്ന് നടപ്പിലാക്കി വരുന്നു.

കൂടാതെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പ്രചരണം, അക്ഷയ ഊർജ്ജ ഉപയോഗത്തെ കുറിച്ചും ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഊർജ്ജ മേഖലയിലെ ഗവേഷണങ്ങൾ, അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യതയും വികസന സാധ്യതയും സംബന്ധിച്ച പഠനങ്ങൾ തുടങ്ങിയവയും അനെർട്ട് വഴി നടപ്പിലാക്കുന്നു. കാറ്റിൽ നിന്നും വൈദ്യുതി ലഭ്യത അറിയുന്നതിനുള്ള വിന്റ് മോണിറ്ററിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബെഹനാൻ ജോർജ്

അനുബന്ധം - 2

സൗരോർജ്ജ തെരുവ് വിളക്കുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്

| ക്രമ നം. | ജില്ലയുടെ പേര് | 2013-14, 2014-15 | 2012-13, 2013-14 |
|---|---|---|---|
| 1 | തിരുവനന്തപുരം | 34 | 177 |
| 2 | കൊല്ലം | - | 60 |
| 3 | പത്തനംതിട്ട | 100 | 99 |
| 4 | കോട്ടയം | 110 | 100 |
| 5 | ആലപ്പുഴ | - | 100 |
| 6 | ഇടുക്കി | 44 | - |
| 7 | എറണാകുളം | 17 | - |
| 8 | തൃശ്ശൂർ | 32 | 100 |
| 9 | പാലക്കാട് | 5 | 85 |
| 10 | മലപ്പുറം | 12 | 96 |
| 11 | കോഴിക്കോട് | 20 | - |
| 12 | വയനാട് | - | 99 |
| 13 | കണ്ണൂർ | 97 | - |
| 14 | കാസർഗോഡ് | 15 | - |
| | ആകെ | 275 | 916 |

സെക്ഷൻ ഓഫീസർ

അനുബന്ധം-3

## സൗരോർജ്ജ റാന്തലുകളുടെ ജില്ല തിരിച്ചുള്ള വിവരണം

| ക്രമ നം. | ജില്ലയുടെ പേര് | 2012-13 | 2013-14 | |
|---|---|---|---|---|
| | | | വൈദ്യുതീകരിക്കാത്ത വീടുകളിലെ ശാരീരിക വെല്ലുവിളി നേരിടുന്നവർ | മറ്റുള്ളവ |
| 1 | തിരുവനന്തപുരം | 2000 | 34 | 2441 |
| 2 | കൊല്ലം | 2000 | 15 | 2432 |
| 3 | പത്തനംതിട്ട | 2000 | 12 | 2272 |
| 4 | കോട്ടയം | 2000 | 14 | 2329 |
| 5 | ആലപ്പുഴ | 2000 | 9 | 2216 |
| 6 | ഇടുക്കി | 2000 | 30 | 2217 |
| 7 | എറണാകുളം | 2000 | 6 | 2545 |
| 8 | തൃശ്ശൂർ | 2000 | 13 | 2369 |
| 9 | പാലക്കാട് | 2000 | 10 | 2253 |
| 10 | മലപ്പുറം | 2000 | 33 | 2625 |
| 11 | കോഴിക്കോട് | 2000 | 23 | 2436 |
| 12 | വയനാട് | 2000 | 67 | 2274 |
| 13 | കണ്ണൂർ | 2000 | 12 | 2358 |
| 14 | കാസർഗോഡ് | 2000 | 43 | 2233 |
| | **ആകെ** | **28000** | **321** | **33000** |

സെക്ഷൻ ഓഫീസർ

അനുബന്ധം 4

10000 Solar Rooftop Programme- District wise count of plants for which Subsidy Released

| District | Number of 1 kW Power plants installed ~~& subsidy released~~ |
|---|---|
| Thiruvananthapuram | 792 |
| Kollam | 289 |
| Pathanamthitta | 274 |
| Alappuzha | 304 |
| Kottayam | 515 |
| Idukki | 98 |
| Ernakulam | 816 |
| Thrissur | 732 |
| Palakkad | 330 |
| Malappuram | 497 |
| Kozhikode | 461 |
| Wayanad | 74 |
| Kannur | 268 |
| Kasargode | 165 |
| **Total** | **5615** |

[illegible]

അനുബന്ധം-5

| Sl No. | Agency who Implemented | Rate |
|---|---|---|
| 1 | Millennium Synergy Pvt. Ltd | 177541 |
| 2 | Power One Micro Systems Private Ltd. | 177760 |
| 3 | Gensol Consultants Pvt. Ltd | 184550 |
| 4 | Adithya Solar Energy Systems | 177777 |
| 5 | Solar Integration Systems India Pvt. Ltd. | 189762 |
| 6 | Sukam Power Systems Ltd | 186378 |
| 7 | Tata Power Solar Systems Ltd. | 189976 |
| 8 | Ammini Solar Pvt. Ltd. | 189977 |
| 9 | Luminous Power Technologies Pvt. Ltd. | 186129 |
| 10 | Eversun Energy Pvt. Ltd. | 184937 |
| 11 | Chemtrols Solar Pvt. Ltd | 196649 |
| 12 | Lanco Solar Energy Pvt. Ltd | 192000 |
| 13 | Jain Irrigation Systems Ltd | 197488 |
| 14 | Radiant Solar Private Ltd | 187744 |
| 15 | Agni Power and electronics Pvt.Ltd | 185167 |
| 16 | Alectrona Energy Pvt.Ltd | 191000 |
| 17 | Autonic Energy Systems Pvt.Ltd | 196495 |
| 18 | Moser Baer Solar Limited | 191419 |
| 19 | Emmvee Photovoltaic Power Pvt.Ltd | 189928 |
| 20 | BOSCH LIMITED | 202535 |
| 21 | Shobitha Electronics (Manufacture)Pvt. Ltd | 182262 |
| 22 | PAE Renewables Private Ltd | 187500 |
| 23 | Sungrace Energy Solution Pvt.Ltd | 189309 |